"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി2-14826/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 24-7-2015

# സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

അങ്കണവാടികൾ വഴി നൽകിവരുന്ന സേവനത്തിന്റെ ഗുണനിലവാരവും ഗുണ ഭോക്താക്കളുടെ എണ്ണവും കുറഞ്ഞുവരുന്നതായി കാണുന്നു. ഈയൊരു സാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് അങ്കണവാടികളുടെ മോണിറ്ററിംഗും പിന്തുണാ സംവിധാനവും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി വസ്തു നിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ അങ്കണവാടിയും സേവന ഗുണനിലവാരത്തിന്റെ അടിസ്ഥാ നത്തിൽ അതിന്റെ സ്ഥാനം എവിടെയാണെന്ന് മനസ്സിലാക്കുന്നതിനും ന്യൂനതകൾ തിരിച്ചറിഞ്ഞ് സേവനനിലവാരം മെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കും.

ഓരോ അങ്കണവാടിയുടേയും അടിസ്ഥാന സൗകര്യം, ഗുണഭോക്താക്കളുടെ എണ്ണം, ജീവനക്കാരുടെ കഴിവ്, സേവന സന്നദ്ധത, പ്രീ-സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം, ശുചിത്വ ഘടകങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതിലെ സൂക്ഷ്മതയും സുതാര്യതയും, പൊതുജന പങ്കാളിത്തം, പ്രവർത്തകരുടെ വിഷയമേഖലയിലുള്ള അവഗാഹം എന്നിവയുടെ അടിസ്ഥാനത്തിൽ അങ്കണവാടികളേയും അതിലൂടെ അങ്കണവാടി പ്രവർത്തകരെയുമാണ് ഗ്രേഡ് ചെയ്യുന്നത്. അതിനായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാനദണ്ഡപ്പട്ടിക പ്രകാരം ബന്ധപ്പെട്ട സൂപ്പർവൈസർമാർക്ക് തങ്ങളുടെ പരിധിയിലുള്ള അങ്കണവാടികളെ A,B,C,D എന്നിങ്ങനെ ഗ്രേഡ് ചെയ്യേണ്ടതാണ്. 75-100 മാർക്ക് ലഭിക്കുന്ന അങ്കണ വാടിയ്ക്ക് 'A' ഗ്രേഡും 50-74 മാർക്ക് ലഭിക്കുന്ന അങ്കണവാടിയ്ക്ക് 'B' ഗ്രേഡും 35-49 മാർക്ക് ലഭിക്കുന്ന അങ്കണവാടിയ്ക്ക് 'C' ഗ്രേഡും 35-ന് താഴെ മാർക്ക് ലഭിക്കുന്ന



PDF processed with CutePDF evaluation edition www.CutePDF.com

അങ്കണവാടിയ്ക്ക് 'D' ഗ്രേഡും നൽകാവുന്നതാണ്. ഒരു അങ്കണവാടി ഏതു ഗ്രേഡിൽ ഉൾപ്പെടുന്നു എന്ന് പ്രാഥമികമായി സൂപ്പർവൈസർ പരിശോധിക്കുകയും ശിശു വികസന പദ്ധതി ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ റാൻഡം സന്ദർശനം നടത്തി ഉറപ്പുവരുത്തേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റ് വർഷത്തിലൊരിക്കൽഇതോടൊപ്പം ചേർക്കുന്ന പ്രകാരമുള്ള പഞ്ചായത്തുതല കമ്മിറ്റി അങ്കണവാടി സന്ദർശനം ഫൈനലൈസ് ചെയ്യുകയുമാണ് ചെയ്യേണ്ടത്. കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ്/വൈസ് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ/വൈസ് ചെയർമാൻ, കോർപ്പറേഷൻ മേയർ/ ഡെപ്യൂട്ടി മേയർ | ചെയർമാൻ |
| 2 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | വൈസ് ചെയർമാൻ |
| 3 | ജില്ലാ പഞ്ചായത്ത് മെമ്പർ | അംഗം |
| 4 | ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | അംഗം |
| 5 | മെഡിക്കൽ ഓഫീസർ (PHC) | അംഗം |
| 6 | ശിശു വികസന പദ്ധതി ഓഫീസർ | കൺവീനർ |

സൂപ്പർവൈസർ/ശിശു വികസന പദ്ധതി ഓഫീസർ ഓരോ തവണ അങ്കണവാടി സന്ദർശിക്കുമ്പോഴും അങ്കണവാടിയുടെ പ്രവർത്തനം വിലയിരുത്താവുന്നതും ഗ്രേഡിംഗിൽ മാറ്റം വരുത്തേണ്ട ആവശ്യമുണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി വിളിച്ചു ചേർത്ത് പുന:പരിശോധിക്കാവുന്നതുമാണ്. ഓരോ വർഷവും 10% അങ്കണവാടികളെങ്കിലും തൊട്ടടുത്ത ഗ്രേഡിലേയ്ക്ക് പ്രവേശിക്കുന്നുണ്ടെന്ന് ശിശു വികസന പദ്ധതി ഓഫീസർ/ സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്. സ്ഥിരമായി 'D' ഗ്രേഡിൽ തുടരുന്ന അങ്കണവാടികളിലെ പ്രവർത്തകർക്കും പ്രസ്തുത സൂപ്പർവൈസർമാർക്കും അവാർഡ് നിർണ്ണയ കമ്മിറ്റിയിൽ 'D' ഗ്രേഡിൽ തുടരുന്ന ഒരു അങ്കണവാടിയ്ക്ക് ഒരു മാർക്ക് എന്ന നിലയിൽ നെഗറ്റീവ് മാർക്ക് നൽകേണ്ടതാണ്. ഏറ്റവും കൂടുതൽ 'A' ഗ്രേഡിലുള്ള അങ്കണവാടികളുള്ള പഞ്ചായത്തുകൾക്ക് മികച്ച പഞ്ചായത്തുകൾക്കുള്ള അവാർഡ് മാനദണ്ഡപ്പട്ടികയിൽ പ്രത്യേക പരിഗണന നൽകുന്നതുമാണ്. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ജില്ലയിലെ ഒരു അങ്കണവാടിയ്ക്ക് ജില്ലാ അടിസ്ഥാനത്തിൽ അവാർഡ് ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇതോടൊപ്പം അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡപ്പട്ടിക പ്രകാരം ഓരോ മേഖലകൾക്കും നൽകാവുന്ന മാർക്ക് നിശ്ചയിക്കുകയും അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റിൽ പ്രസ്തുത മാർക്ക് രേഖപ്പെടുത്തുകയും ചെയ്യാവുന്നതാണ്. 20 അങ്കണ

വാടികൾക്ക് ഒരുഫോർമാറ്റ് ഉപയോഗിക്കാവുന്നതാണ്. എല്ലാ വർഷവും ഏപ്രിൽ മേയ് മാസങ്ങളിൽ ഗ്രേഡിംഗ് നടത്തേണ്ടതും ഈ വർഷം ഒക്ടോബർ 15-നുമുമ്പായി പ്രസ്തുത നടപടി പൂർത്തീകരിക്കേണ്ടതുമാണ്. കമ്മിറ്റി അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യാനുസരണം ശിശു വികസന പദ്ധതി ഓഫീസർമാർ ഫോർമാറ്റ് കോപ്പി എടുത്ത് നൽകേണ്ടതും ഓരോ പ്രോജക്ടിലേയും അങ്കണവാടി സെന്ററുകളുടെ ഗ്രേഡ് തിരിച്ചുള്ള കണക്കും നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടിയും ഓരോ മാസത്തേയും MPR-നോടൊപ്പം ശേഖരിച്ച് പ്രോജക്ട് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. ജില്ലാതലത്തിൽ ക്രോഡീകരിച്ച ഗ്രേഡിംഗ് റിപ്പോർട്ട് എല്ലാ വർഷവും ജൂൺ 15-ന് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Sabeena

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

പകർപ്പ് :

1) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

2) എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.

3) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

4) വെബ് സൈറ്റ്.

5) സ്റ്റോക്ക് ഫയൽ/സ്പെയർ

ജികെ/ 23-7-15

# അങ്കണവാടി ഗ്രേഡിംഗ് മാനദണ്ഡ പട്ടിക

മാർക്ക് :- 75-100 - ഗ്രേഡ് എ, 50-74 ഗ്രേഡ് ബി, 35-49 - ഗ്രേഡ് സി, 35 നു താഴെ ഗ്രേഡ് ഡി

| ക്രമ നമ്പർ | പരിഗണിക്കേണ്ട മേഖലകൾ | | | | നൽകാവുന്ന പരാമാവധി മാർക്ക് |
|---|---|---|---|---|---|
| 1 | അടിസ്ഥാന സൗകര്യം | | | | 20 |
| | എ) കെട്ടിടം | സ്വന്തം കെട്ടിടം 2 | വാടക രഹിതം 1 | വാടക കെട്ടിടം 0 | 2 |
| | ബി) കെട്ടിടത്തിന്റെ വിസ്തീർണ്ണം | 600 ച: അടിക്ക് മുകളിൽ 2 | 400 - 600 1 | 200 - 400 0 | 2 |
| | സി) വെന്റിലേഷൻ | വേണ്ടത്ര കാറ്റും വെളിച്ചവും ഉള്ളത് 2 | മിതമായ അളവിൽ 1 | തീരെ ഇല്ല 0 | 2 |
| | ഡി) കുടിവെള്ള സൗകര്യം | സ്വന്തമായി സൗകര്യം ഉള്ളത് 2 | സമീപ പ്രദേശങ്ങളിൽ നിന്ന് 1 | കുടിവെള്ള സൗകര്യം ഇല്ല 0 | 2 |
| | ഇ) ടോയ്‌ലറ്റ് സൗകര്യം | വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. 2 | വൃത്തിയില്ല 1 | ടോയ്‌ലെറ്റ് ഇല്ല 0 | 2 |
| | എഫ്) ചുറ്റുമതിൽ | കെട്ടുറപ്പുള്ളത് 2 | കെട്ടുറപ്പില്ലാത്തത് 1 | ചുറ്റുമതിൽ ഇല്ല 0 | 2 |
| | ജി) വൈദ്യുതി കണക്ഷൻ | ഫാൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉള്ളത് 2 | ഫാൻ ഇല്ലാത്തത് 1 | വൈദ്യുതി കണക്ഷൻ ഇല്ല 0 | 2 |
| | എച്ച്) ഗ്യാസ് കണക്ഷൻ | സുരക്ഷിതവും പ്രത്യേക അടുക്കള ഉള്ളതും 2 | സുരക്ഷിതമല്ല 1 | ഗ്യാസ് കണക്ഷൻ ഇല്ല 0 | 2 |
| | ഐ) സ്റ്റോറേജ് സൗകര്യം | പ്രത്യേകം സ്റ്റോർ റൂം, കണ്ടെയ്നറുകൾ എന്നിവ ഉള്ളത് 2 | സ്റ്റോർ റൂം / കണ്ടെയ്നർ ഇല്ല 1 | സ്റ്റോറേജ് സൗകര്യം തീരെ ഇല്ല 0 | 2 |
| | ജെ) കളിസ്ഥലവും പ്രവർത്തന യോഗ്യമായ കളിഉപകരണങ്ങളും | വേണ്ടത്ര ഉണ്ട് 2 | വേണ്ടത്ര ഇല്ല 1 | തീരെ ഇല്ല 0 | 2 |
| 2 | പ്രവർത്തകരുടെ കഴിവ് / മനോഭാവം/ സേവന ലഭ്യത | മികച്ചത് 5 | ശരാശരി 3 | ശരാശരിക്കു താഴെ 1 | 5 |
| 3 | ഗുണഭോക്താക്കളുടെ എണ്ണം | (അങ്കണവാടി പ്രദേശത്തെ ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ ശതമാനം) | | | 15 |
| | എ) 6 മാസം 3 വയസ്സ് | 50% നു മുകളിൽ 5 | 25% നു മുകളിൽ 3 | 25% നു താഴെ 2 | 5 |
| | ബി) 3 വയസ്സ് 6 വയസ്സ് | " 5 | " 3 | " 2 | 5 |
| | സി) എൽ.എം + പി.എം | " 5 | " 3 | " 2 | 5 |

| | | | | | |
|---|---|---|---|---|---|
| | പ്രീസ്കൂൾ വിദ്യാഭ്യാസം | | | | 18 |
| | എ) തീം ചാർട്ട് പ്രദർശനം | ചെയ്തിട്ടുണ്ട് 2 | ശരിയായി ചെയ്തിട്ടില്ല 1 | ചെയ്തിട്ടില്ല 0 | 2 |
| | ബി) സമയാധിഷ്ഠിത പ്രീ സ്കൂൾ പ്രവർത്തനങ്ങൾ | ചെയ്യുന്നുണ്ട് 2 | ശരിയായി ചെയ്യുന്നില്ല 1 | ചെയ്യുന്നില്ല 0 | 2 |
| | സി) കളി പ്രവർത്തനങ്ങൾ | ചെയ്യുന്നുണ്ട് 2 | ശരിയായി ചെയ്യുന്നില്ല 1 | ചെയ്യുന്നില്ല 0 | 2 |
| | ഡി) പഠനോ പകരണങ്ങളുടെ ഉപയോഗം | ശരിയായി ഉപയോഗിക്കുന്നുണ്ട് 2 | മിതമായി ഉപയോഗിക്കുന്നുണ്ട് 1 | ഉപയോഗിക്കുന്നില്ല 0 | 2 |
| | ഇ) പ്രീ സ്കൂൾ കോർണറുകൾ | എല്ലാ കോർണറുകളും ശരിയായി സൂക്ഷിച്ചിട്ടുണ്ട് 2 | ചില കോർണറുകൾ മാത്രം ഉണ്ട് 1 | കോർണറുകൾ ഇല്ല 0 | 2 |
| | എഫ്) പോർട്ട് പോളിയോ മാനേജ്മെന്റ് | നന്നായി ചെയ്യുന്നുണ്ട് 2 | സാമാന്യം നന്നായി ചെയ്യുന്നുണ്ട് 1 | കൈകാര്യം ചെയ്യുന്നില്ല 0 | 2 |
| | ജി) ഡിസ്പ്ലേ ബോർഡ് | പ്രദർശിപ്പിച്ചിട്ടുണ്ട് 2 | ശരിയായി പ്രദർശിപ്പിച്ചിട്ടില്ല 1 | ഡിസ്പ്ലേ ബോർഡ് ഇല്ല 0 | 2 |
| | എച്ച്) വിലയിരുത്തൽ | കൃത്യമായ ഇടവേളകളിൽ 2 | വല്ലപ്പോഴും 1 | ചെയ്യാറില്ല 0 | 2 |
| | ഐ) ഇ.സി.സി.ഇ ദിനാചരണം | കൃത്യമായി ചെയ്യുന്നുണ്ട് 2 | കൃത്യമായി ചെയ്യാറില്ല 1 | ചെയ്യാറില്ല 0 | 2 |
| 5 | **S N P** | | | | 4 |
| | എ) പോഷകാഹാര വിതരണം | ശരിയായ രീതിയിലും അളവിലും 2 | ശരാശരി നിലവാരത്തിൽ 1 | നന്നായി ചെയ്യുന്നില്ല 0 | 2 |
| | ബി) ഫീഡിംഗ് മുടക്കം | സംഭവിച്ചിട്ടേയില്ല 2 | 10 ദിവസത്തിനു താഴെ 1 | 10 ദിവസത്തിൽ കൂടുതൽ 0 | 2 |
| 6 | ശുചിത്വം | | | | 14 |
| | എ) കുട്ടികൾ | വൃത്തിയായി കാണപ്പെടുന്നു 2 | സാമാന്യം വൃത്തിയായി കാണപ്പെടുന്നു 1 | വൃത്തി ഹീനം 0 | 2 |
| | ബി) പ്രവർത്തകർ | " 2 | " 1 | " 0 | 2 |
| | സി) പരിസരം | " 2 | " 1 | " 0 | 2 |
| | ഡി) പാചകപ്പുര | " 2 | " 1 | " 0 | 2 |
| | ഇ)ടോയ്ലറ്റ് | " 2 | " 1 | " 0 | 2 |
| | എഫ്)ടോയ്ലെറ്റ് ഉപയോഗം | ശരിയായി ചെയ്യുന്നുണ്ട് 2 | സാമാന്യം നന്നായി ചെയ്യിക്കുന്നു 1 | ചെയ്യിക്കുന്നില്ല 0 | 2 |
| | ജി) സോപ്പ്, ടൗവ്വൽ, പൈപ്പ് കണക്ഷൻ | ശരിയായി ഉപയോഗിക്കുന്നു 2 | സാമാന്യം നന്നായി ഉപയോഗിക്കുന്നു 1 | ഉപയോഗിക്കു-ന്നേയില്ല 0 | 2 |
| 7 | ആരോഗ്യ പോഷണ വിദ്യാഭ്യാസം | | | | 10 |
| | എ) മദേഴ്സ് മീറ്റിംഗുകൾ | മുൻകൂട്ടി ആസൂത്രണം ചെയ്ത് നടത്തുന്നു 2 | ആസൂത്രണം ഇല്ലാതെ നടത്തുന്നു 1 | നടത്തിയിട്ടില്ല 0 | 2 |
| | ബി) കൗമാരക്ലബ്ബ് മീറ്റിംഗുകൾ | ഇടവേളകളിൽ നടത്തുന്നു 2 | " 1 | " 0 | 2 |
| | സി) വിശേഷ ദിനാചരണങ്ങൾ | " 2 | " 1 | " 0 | 2 |
| | ഡി) വി.എച്ച്.എൻ.ഡി | " 2 | " 1 | " 0 | 2 |
| | ഇ) എഎൽ.എം & എസ്.സി | " 2 | " 1 | " 0 | 2 |

| | | | | | |
|---|---|---|---|---|---|
| | ഗ്രോത്ത് മോണിറ്ററിംഗ് | കൃത്യമായി രേഖപ്പെടുത്തി Follow up നടത്തുന്നു. 2 | ഭാഗികമായി രേഖപ്പെടുത്തുന്നു, Follow up നടത്തുന്നില്ല 1 | ജിഎം നടത്തുന്നില്ല 0 | 2 |
| 9 | രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ | അപാകതയില്ലാത്തവിധം ചെയ്യുന്നു 3 | അപാകത കാണുന്നു. 2 | ചെയ്യുന്നില്ല 0 | 3 |
| 10 | ഭവന സന്ദർശനം (മൂന്ന് മാസത്തേത്) | 50 നു മുകളിൽ 3 | 50 നു താഴെ 2 | നടത്താറേയില്ല 0 | 3 |
| 11 | വിവിധ വകുപ്പുകളുടെ ഏകോപനം | നന്നായി ലഭിക്കുന്നു 2 | മിതമായി ലഭിക്കുന്നു 1 | ലഭിക്കുന്നേയില്ല 0 | 2 |
| 12 | പൊതു ജനപങ്കാളിത്തം | ദൈനംദിന പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം 2 | വല്ലപ്പോഴും ലഭിക്കുന്നു 1 | ലഭിക്കാറില്ല 0 | 2 |
| 13 | ഫുഡ് സേഫ്റ്റി നിയമ പ്രകാരമുള്ള ലൈസൻസും പ്രവർത്ത കർക്കുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും | രണ്ടും ലഭിച്ചിട്ടുണ്ട് 2 | ഒന്നു മാത്രം ലഭിച്ചിട്ടുണ്ട് 1 | ഒന്നും ലഭിച്ചിട്ടില്ല 0 | 2 |

# അങ്കണവാടി ഗ്രേഡിംഗ് ഫോർമാറ്റ്

ജില്ല:...................................................... തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പേര്:.....................................

പ്രോജക്ടിന്റെ പേര്:.................................... പഞ്ചായത്ത്/സെക്ടർനമ്പർ:...................................................

| | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No | AWC No |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | | | | | |
| 1 (a) | | | | | | | | | | | | | | | | | | | | |
| 1 (b) | | | | | | | | | | | | | | | | | | | | |
| 1 (c) | | | | | | | | | | | | | | | | | | | | |
| 1 (d) | | | | | | | | | | | | | | | | | | | | |
| 1 (e) | | | | | | | | | | | | | | | | | | | | |
| 1 (f) | | | | | | | | | | | | | | | | | | | | |
| 1 (g) | | | | | | | | | | | | | | | | | | | | |
| 1 (h) | | | | | | | | | | | | | | | | | | | | |
| 1 (i) | | | | | | | | | | | | | | | | | | | | |
| 1 (J) | | | | | | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | | | | | | |
| 3 (a) | | | | | | | | | | | | | | | | | | | | |
| 3 (b) | | | | | | | | | | | | | | | | | | | | |
| 3 (c) | | | | | | | | | | | | | | | | | | | | |
| 4 (a) | | | | | | | | | | | | | | | | | | | | |
| 4 (b) | | | | | | | | | | | | | | | | | | | | |
| 4 (c) | | | | | | | | | | | | | | | | | | | | |
| 4 (d) | | | | | | | | | | | | | | | | | | | | |
| 4 (e) | | | | | | | | | | | | | | | | | | | | |
| 4 (f) | | | | | | | | | | | | | | | | | | | | |
| 4 (g) | | | | | | | | | | | | | | | | | | | | |

PDF processed with CutePDF evaluation edition www.CutePDF.com

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 (h) | | | | | | | | | | | | | | | | | | | |
| 4 (i) | | | | | | | | | | | | | | | | | | | |
| 5 (a) | | | | | | | | | | | | | | | | | | | |
| 5 (b) | | | | | | | | | | | | | | | | | | | |
| 6 (a) | | | | | | | | | | | | | | | | | | | |
| 6 (b) | | | | | | | | | | | | | | | | | | | |
| 6 (c) | | | | | | | | | | | | | | | | | | | |
| 6 (d) | | | | | | | | | | | | | | | | | | | |
| 6 (e) | | | | | | | | | | | | | | | | | | | |
| 6 (f) | | | | | | | | | | | | | | | | | | | |
| 6 (g) | | | | | | | | | | | | | | | | | | | |
| 7 (a) | | | | | | | | | | | | | | | | | | | |
| 7 (b) | | | | | | | | | | | | | | | | | | | |
| 7 (c) | | | | | | | | | | | | | | | | | | | |
| 7 (d) | | | | | | | | | | | | | | | | | | | |
| 7 (e) | | | | | | | | | | | | | | | | | | | |
| 8 | | | | | | | | | | | | | | | | | | | |
| 9 | | | | | | | | | | | | | | | | | | | |
| 10 | | | | | | | | | | | | | | | | | | | |
| 11 | | | | | | | | | | | | | | | | | | | |
| 12 | | | | | | | | | | | | | | | | | | | |
| 13 | | | | | | | | | | | | | | | | | | | |
| ആകെ മാർക്ക് | | | | | | | | | | | | | | | | | | | |
| ഗ്രേഡ് | | | | | | | | | | | | | | | | | | | |

**CDPO** യുടെ പേര്:

ഒപ്പ്:

സൂപ്പർവൈസറുടെ പേര്:

ഒപ്പ്: